മൈനിംഗ് കമ്പനി തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. നല്ല, ഗ്രണംകുടിയ ചൈനാക്ലേ ആണെങ്കിൽ വിദേശങ്ങളിലേയ്ക്ക് അയയ്ക്കാനും സാദ്ധ്യതയുണ്ടാവും.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സർ, ചോദ്യം ചോദിക്കുമ്പോഴേ പോയിന്റ് മാത്രം സൂചിപ്പിക്കുന്ന തരത്തിൽ ചോദിക്കണമെന്ന മെമ്പറന്മാരെ നിർബന്ധിക്കാറുണ്ട്. ഉത്തരം പറയുമ്പോഴും മന്ത്രിമാരും ആ തത്വം പാലിക്കേണ്ടതല്ലേ?

ശ്രീ. കെ. എ. ദാമോദരമേനോൻ: സപ്ലിമെന്ററി ചോദ്യങ്ങളും ചോദിക്കുമ്പോഴും ഒരു ചോദ്യം എന്നുള്ള നിലയിൽ, ഒരു പ്രസംഗംതന്നെ നടത്തുന്നുണ്ട് ചിലർ. അതിനു മറുപടി പറയുമ്പോഴും ഈ തത്വം ദീക്ഷിക്കാൻ സാധിച്ചെന്നുവരില്ല. ഒരേ സമയത്തു് അഞ്ചോ ആറോ കാര്യങ്ങളും ചോദിച്ചാൽ ഒറ്റ പോയിന്ററിൽ മറുപടി പറയാൻ പ്രയാസമാണു്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: കോഴിക്കോട്ടു ജില്ലയിൽ ചില സ്ഥലങ്ങളിൽ, ഇൻഡ്യാ ഗവണ്മെന്റിന്റെ പ്രത്യേക ടീം സർവ്വേ നടത്തിയതിൽ സ്വർണ്ണവും, ഇരുമ്പും ഉള്ളതായി കണ്ടിട്ടുണ്ടു്. ആ വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? ആ ടീം കോഴിക്കോട്ടു വക്കുചെയ്തതിൽനിന്നു് വല്ല വിവരവും ശേഖരിക്കാൻ ഗവണ്മെന്റു നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ഉണ്ടു്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: സർ, എന്നെ സംബന്ധിച്ചിടത്തോളം ഈ ഉത്തരം കിട്ടിയാൽ പോരാ, ദയവായി വിശദവിവരം നൽകിയാൽ കൊള്ളാം.

മി. സ്പീക്കർ: വിശദവിവരങ്ങൾക്കു് സ്റ്റേറ്റുമെന്റു് ആവശ്യപ്പെട്ടാൽ മതി.

ശ്രീ. സി. അച്യുതമേനോൻ: ധാതുദ്രവ്യങ്ങളുടെ കൂട്ടത്തിൽ, എണ്ണ നിക്ഷേപം ഉള്ളതായി അന്വേഷണത്തിൽ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: എണ്ണ നിക്ഷേപം ഉണ്ടോ എന്ന ഗവേഷണവും നടത്തുന്നുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു്: എവിടെയാണു് എണ്ണനിക്ഷേപം ഉള്ളതു്. കടലോരപ്രദേശത്തു് സമുദ്രത്തിനടിയിൽ ചില സ്ഥലത്തു് എണ്ണ ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്നു അഭിപ്രായം കേൾക്കാൻ ഇടയായിട്ടുണ്ടു്. അതിനെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: അതിനെപ്പറ്റിയാണു് അന്വേഷണം നടത്തിയിട്ടുള്ളതു്. എണ്ണ നിക്ഷേപം ഉള്ളതു് കണ്ടെഴ്സ്യൽ സ്കീമിൽ ഖനനം ചെയ്യാൻ സാദ്ധ്യതയുണ്ടോ എന്നു പരിശോധിക്കാനുള്ള ഏർപ്പാടുകൾ ചെയ്തുവരികയാണു്.

ശ്രീ. ടി. സി. നാരായണൻനമ്പ്യാർ: കോഴിക്കോട് ജില്ലയിൽ നിലമ്പൂർ പ്രദേശത്തുള്ള പുഴയിലെ മണ്ണു് എടുത്തു് അരിച്ചു് സ്വർണ്ണം എടുത്തു ജീവിക്കുന്നവരുണ്ടു്. അവിടെ സ്വർണ്ണം ഖനനം ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ആ കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്. ഖനനം ചെയ്യാനുള്ള സാദ്ധ്യതയുണ്ടോ എന്നു പരീക്ഷണം നടന്നുവരികയാണു്.

സ്പെഷ്യലായി ഓടിയ ട്രാൻസ്പോർട്ട് ബസ്സുകൾ

* 580 [22] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും, തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ശബരിമല തീർത്ഥാടകരുടെ ആവശ്യാർത്ഥം എത്ര സ്റ്റേറ്റു ട്രാൻസ്പോർട്ട് ബസ്സുകൾ സ്പെഷ്യലായി ഓടുകയുണ്ടായി;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മൊത്തം അനുമുഖേന വരവ് എത്ര;

(സി) സ്പെഷ്യൽ ബസ്സുകൾ ഓടുന്നതിനുവേണ്ടി സാധാരണയിൽ കൂടുതലായി വല്ല ചെലവും ഉണ്ടായിട്ടുണ്ടെങ്കിൽ അതെത്ര എത്ര;

(ഡി) സ്പെഷ്യൽ ബസ്സുകൾ ഓടിയതു കാരണമായി വല്ല റൂട്ടിലും സാധാരണ ട്രിപ്പുകൾ മുടക്കിയിട്ടുണ്ടോ;

(ഈ) ഉണ്ടെങ്കിൽ എവിടെയൊക്കെ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) 151 ബസ്സുകൾ.

(ബി) 8,53,266.11 കി.

(സി) താൽക്കാലികമായി തിട്ടപ്പെടുത്തിയ കണക്കു് 65,993 രൂ. 40 നയാപൈസ.

(ഡി) ഉണ്ടു്.

(ഈ) തിരുവനന്തപുരം സിറ്റി സർവ്വീസിൽ രണ്ടു ദിവസത്തേയ്ക്കു കുറവു വരുത്തുകയുണ്ടായി.

ശ്രീ. പി. ഗോപാലൻ: കണ്ണൂർ—എറണാകുളം ബസ്സു് പതിവായി ഓടിക്കൊണ്ടിരുന്നതു് മുടക്കുകയുണ്ടായി. കാരണം ചോദിച്ചപ്പോൾ ശബരിമലയ്ക്കു് പോകുന്നതിനുവേണ്ടി മുടക്കിയതായിട്ടാണു് അറിയാൻ ഇടയായതു്. അതിൽ വല്ല യാഥാർത്ഥ്യവുമുണ്ടോ?

ശ്രീ. കെ. ടി. അച്യുതൻ: കിട്ടിയ കണക്കനുസരിച്ചു് വളരെ തിരക്കായതുകൊണ്ടു് ശബരിമല തീർത്ഥാടകരെ കൊണ്ടുപോകുന്നതിനു് സിറ്റിയിൽ ചില ട്രിപ്പുകൾ മുടക്കിയതായിട്ടേ കാണുന്നുള്ളു. മറ്റു റൂട്ടുകളിലൊന്നും കുറവു വരുത്താൻ ന്യായമില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: തിരുവനന്തപുരം—മൂഴിയാർ വഴിയും, ചെങ്ങന്നൂർ—മൂഴിയാർ വഴിയും ശബരിമലയ്ക്കു സർവ്വീസു നടത്തിയതായി അറിയാമോ?

ശ്രീ. കെ. ടി. അച്യുതൻ: അതു ടെമ്പററി പെർമിറ്റു വാങ്ങി സർവ്വീസു് നടത്തിയതായിരിക്കും.

Economy Unit

* 581. [23] † Shri **K. Chandrasekharan:** Will the Chief Minister be pleased to state:

(a) whether an economy unit under an Economy Officer has been established in the Secretariat;

(b) what is the annual expenditure of the above;

(c) is an Organisation and Methods division functioning in the Secretariat with an Under Secretary at the top of it; and

(d) is not the main function of the O & M division to report on economy and retrenchment proposals?

Chief Minister (*Shri R. Sankar*):

(a) A small staff has been assisting the Second Member, Board of Revenue, who has been functioning as Special Officer to report on economy measures.

(b) About Rs. 16,800 per annum.

† Put by Shri P. Viswambharan.

LIBRARY ARCHIVES Kerala Legislative Assembly